
# CLICK



little KITEs

# G H S MANKADA

DIGITAL MAGAZINE

CLICK....

## ഉള്ളടക്കം


പത്രാധിപസമിതി....3
കവിത....4
ബാപ്പുജി....4
ലേഖനം....5
സുരക്ഷിതമായ നാളേക്ക്....5
കഥ....7
എന്റെ ഈണം....7
ചില നിമിഷങ്ങൾ....8
കവിത....9
കറുത്ത കാൽപ്പാടുകൾ....9
കവിത....10
കവചം....10
ഉപന്യാസം....11
ഗാന്ധിയൻ ആശയം കുട്ടികളുടെ ജീവിതത്തിൽ....11
Poem....12
THE CRY OF EARTH....12

# സന്ദേശം



## സ്വാമിനാഥൻ എം.പി

ഹെഡ് മാസ്റ്റർ

ജി.എച്ച്.എസ് മങ്കട

**അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വിവരസാങ്കേതികവിദ്യ കുട്ടികളിലേക്ക് എത്തിക്കുകയെന്ന ആശയത്തെ അടിസ്ഥാനമാക്കി കേരളസർക്കാർ വിദ്യാഭ്യാസവകുപ്പിൽ ആവിഷ്ക്കരിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ ഒരു ഡിജിറ്റൽ മാഗസിൻപുറത്തിറക്കുന്നതിൽഅതിയായ സന്തോഷമുണ്ട്.പരിമിതമായ സമയത്തിനുള്ളിൽ നിന്നു കൊണ്ടുള്ള ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

## പത്രാധിപസമിതി



നിത നിഹാൻ



ഹംന ഇ.കെ



അൻഷിത പി



ഭാഗ്യ യു



അക്വിബ് അഹ്സൻ

**സാങ്കേതിക സഹായം**

| | |
|---|---|
| സുജേഷ് ഡി.ബി | SITC |
| കൃഷ്ണപ്രസാദ് | കൈറ്റ് മാസ്റ്റർ |
| പ്രിയ പോൾ | കൈറ്റ് മിസ്ട്രസ്സ് |

## കവിത

## ബാപ്പുജി

സ്നേഹമായ് സത്യമായ്

എന്നുമെന്നിൽ ഉറങ്ങുന്ന ഗാന്ധിജി.

പാപവും, ദേഷ്യവും ,ഹിംസയു-

മെന്നിൽ നിന്നകറ്റുന്ന ഗാന്ധിജി.

അമ്മതൻ സ്നേഹമല്ലിത്

അച്ഛന്റെ വാത്സല്യവുമല്ലിത്

ദൈവത്തിൻ മായയുമല്ലിത്

പാപത്തിൻ കറ വീണാൽ മനസ്സിൽ

ആശ്വാസമായത്തുന്നു

വാടിയ പൂവിനു വെള്ളമായ്,

വളമായെന്ന പോൽ ഗാന്ധിജി.

കൂട്ടിലടച്ച കിളിക്കുഞ്ഞിനെ

കാറ്റിൽ പറത്തുന്നു ഗാന്ധിജി

അഹിംസതൻ മാർഗ്ഗമായ്സത്യമായ്

ഹൃദയത്തിലെന്നുമെൻ ഗാന്ധിജി

സ്വപ്നമല്ലിത് മായയുമല്ലിത്

സത്യമാണ് സ്നേഹമാണെൻ ഗാന്ധിജി.




നന്ദന സി

10 C

ലേഖനം

## സുരക്ഷിതമായ നാളേക്ക്

പ്രകൃതി എന്നും നമ്മുടെ മാതൃ ഭാഗത്താണ് നിലകൊള്ളുന്നത് പ്രകൃതിയുടെ മനോഹാരിതയെ പറ്റി വർണ്ണിക്കാത്ത സാഹിത്യകാരന്മാരും സാഹിത്യകൃതികളും സാഹിത്യകൃതികളും ഇല്ല .

മലരണി കാടുകൾ തിങ്ങിവിങ്ങി

മരതകകാന്തി[1]യിൽ മുങ്ങിമുങ്ങി

കരളും മിഴിയും കവർന്നമിന്നി

കരയൊറ്ററാലസൽ ഗ്രാമഭംഗി

ചങ്ങമ്പുഴയുടെ ഗ്രാമഭംഗി എന്ന കവിതയിലെ വരികൾ കേൾക്കുമ്പോൾ നമ്മുടെ നാടിന്റെ ആ മധുര സൗന്ദര്യം മനസ്സിൽ നിറയുന്ന . കേരളത്തിൻറെ പ്രഥമ മുഖ്യമന്ത്രിയായ ശ്രീ ഇ എം എസ് തന്റെ മാതൃഭൂമിയെ കുറിച്ച് വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ് ഇന്ത്യയുടെ തെക്കേ അറ്റത്ത് നാക്കിലെ പോലൊരു നാട് കാറ്റിനോട് കിന്നാരം പറഞ്ഞു ഉല്ലസിക്കുന്ന തെങ്ങിൻ തലപ്പുകൾ, നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന പച്ച പരവതാനി പോലെ നെൽവയലുകൾ ഇങ്ങനെ ഭൂമുഖത്തെ ഓരോ പ്രദേശത്തിനും ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് അതിന്റേതായ സൗന്ദര്യമുണ്ട്.

എന്നാൽ ആ സൗന്ദര്യം നാം തിരിച്ചറിയാതെ പതിയെപ്പതിയെ തുടച്ചുനീക്കുകയല്ലേ ചെയ്യുന്നത്? പ്രകൃതിയോടുള്ള മനുഷ്യന്റെ കടന്നുകയറ്റത്തിന്റെ തോത് കണക്കാക്കാൻ പറ്റുന്നതിലും എത്രയോ അധികം. വയലേലകളും കുന്നുകളും നിരത്തി രമ്യഹർമ്മ്യങ്ങൾ പണിയുന്ന യുവതലമുറ അറിയാതെ പോകുന്ന പലതുമുണ്ട്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലും വിദ്യാഭ്യാസരംഗത്തും വിവര സാങ്കേതിക വിദ്യയിലും പുരോഗതി പ്രാപിച്ച് നിൽക്കുന്ന സമയത്ത് പ്രകൃതിയെ പ്രകൃതിയെ കുറിച്ച് ചിന്തിക്കാൻ ആർക്കാണ് സമയം ?നാടിന്റെ
പുരോഗതിക്കു വികസനമാണ് ആവശ്യം എന്നുപറഞ്ഞാൽ പ്രകൃതിയുടെ ശോഭ തല്ലി കെടുക്കുന്നവരോട് ഒരൊറ്റ ചോദ്യം ഈ രീതി തുടർന്നാൽ 50 വർഷം കഴിഞ്ഞാൽ നമ്മുടെ പുതുതലമുറയ്ക്ക് ഇവിടെ ജീവിക്കാൻ കഴിയുമെന്ന് ആർക്കെങ്കിലും ബോധ്യമുണ്ടോ? അതിനാൽ കോൺക്രീറ്റ് കാടുകൾ അല്ല നമുക്കുവേണ്ടത് ഹരിതാഭയും പച്ചപ്പുമാണെന്ന് മനസ്സിൽ ഉറപ്പിക്കാം.

നാമിന്ന് അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ് പരിസ്ഥിതി മലിനീകരണം.

1 മരതകത്തിന്റെ പ്രകാശം

ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും തള്ളുക വഴി പരിസരമലിനീകരണവും പകർച്ചവ്യാധികളും ഉണ്ടാകുന്നു.അജൈവമാലിന്യങ്ങൾ[2] പ്രധാനപ്പെട്ട ഒന്നാണല്ലോ പ്ലാസ്റ്റിക്. ഉപയോഗശേഷം വലിച്ചെറിയുക എന്നെ ശീലമാണ് മിക്ക ആളുകൾക്കും ഉള്ളത്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കെല്ലാം ചേർത്ത് വച്ചാൽ ഭൂമിയെ പല തവണ വലംവെക്കാൻ തക്കവണ്ണം ഉണ്ടാകും.

മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന പല ക്രൂരതകൾക്ക് നമുക്കിന്ന് തിരിച്ചടി കിട്ടിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്ത് കേരളത്തിലുണ്ടായ മഹാപ്രളയം തന്നെ ഇതിനൊരു ഉദാഹരണമാണ് . "മനനം ചെയ്യാൻ കഴിവുള്ളവൻ മനുഷ്യൻ "എന്നാണ് പറയാറ്. വിവേചനബുദ്ധിയുള്ള മനുഷ്യൻ പ്രകൃതിയെ മാതാവായി കണ്ട് അതിനെ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൂടി സംരക്ഷിച്ച് നിലനിർത്തേണ്ടതാണ്.

ബാസില നർഗീസ്
10.D




2 മണ്ണിൽ ലയിക്കാത്ത മാലിന്യങ്ങൾ

കഥ

## എന്റെ ഈണം

കണ്ണുനീരിന്റെ ഇടയിലൂടെയുള്ള ആ മന്ദഹാസം ഓർമ്മയിലിന്നും അവശേഷിക്കുന്ന അവള് തീയതി ഒന്നുനോക്കി. മഴക്കാല മുറ്റത്തെ ഇളവെയിൽ സ്വന്തമാക്കിയ ഒരു സന്ധ്യാസമയത്ത് നടന്നതാ മണം അവൾ അവൻറെ മുറി ഒന്ന് പരതി. താൻ സമ്മാനിച്ച ചുവന്ന പൂമ്പാറ്റയും നക്ഷത്രവും മഴയില് കുളിച്ച ജനൽ കമ്പികളിൽ സൂചി പോയി കണ്ട ജോലിയില്ലുള്ള ആത്മകഥ കാരണം അന്നവിടെ നിസ്സംശയം ആടുന്ന അവൻറെ ഷെർലക്ക് ഇന്ത്യ ബോഗൺവില്ല ഏറെക്കുറെ തുള്ളികളുടെ താവളമായി മാറിക്കഴിഞ്ഞിരുന്നു. ഇന്നും അതേ പതിവ് ഞാൻ ഉപയോഗിച്ച 3 രൂപ പെന്നുകളുടെ കറുപ്പോടകൾ അവന്റെ മുറികളെ എങ്ങനെയോ ശോഭ മാറ്റുന്നതുപോലെ. അന്ന് ഞാൻ മുറികളിൽ നിന്നും കഴിച്ചിരുന്ന മെലഡി കവറുകൾ ഒരു കാപ്പി പെട്ടിയിൽ ഓർമ്മകളുടെ മൗനത്തിന്റെ കടങ്കഥകൾ വലിച്ചുനീട്ടി കൊണ്ട് മേശയിലെ മൂലയിൽ ഇരട്ടുകൾക്കതീതമായി കിടക്കുന്നു.

"അവനെന്നെ മറന്നേക്കണം.. അല്ലേപിന്നെ ഇവിടെന്താ അവനില്ലാതെ" അവളൊന്നു കണ്ണുനീർ തുടച്ചു .അവന്റെ ഗോൾഡൻ ഫിഷ് എന്നെനോക്കി നീന്തി തുടിക്കുന്നു. ഇല്ല അവന് മറക്കില്ല കഴിയില്ല ജീവിതത്തിന്റെ കുരാകുരിരുട്ടത്ത് ഇത്തിരി വെട്ടമായി അവന്റെ ഹൃദയത്തിലേക്ക് ചേക്കേറിയിരുന്നത് ഞാനായിരുന്നത്രെ ഇത് അവൾ തന്നെ നോക്കി സ്ഫടിക ഭരണിയിൽ ഇരുന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. അവന് പ്രതീക്ഷ എന്തെന്നു അറിയുമെങ്കിൽ അവ ഇന്നീ കാണും വിധം നെയ്തെടുത്തത് നിൻറെ വാക്കുകളാം നെയ്ത്തുശാലകളിൽ നിന്നാണെന്ന് എപ്പോഴും അവൻ പറയും .

എട്ടാം ക്ലാസ്സിൽ നിന്നാണ് അവനെ പരിചയപ്പെടുന്നത് ജീവിതം മറ്റൊന്നാക്കി തരാനും അവയ്ക്കു വിലമതിക്കാനാവാത്ത ചില മുഖങ്ങൾ ഉണ്ടെന്നും കഠിന പരിശ്രമത്തിലൂടെ ജീവിതം പഠിക്കണമെന്നും പഠിപ്പിച്ചവൻ .ആ മുറി ഞാൻ അടച്ചില്ല കാരണം ഞങ്ങളുടെ ബന്ധം ഒരിക്കലും ആ മുറികളിൽ ഒതുങ്ങുന്നില്ല അതു ഉദാത്തമായ സൗഹൃദ ബന്ധമാണ്.

കീകറക്കി അവൾ അവിടുന്നിറങ്ങി കോട്ടു നേരെയാക്കി പൾസറിലേക്ക്. ഓർമ്മവെച്ച കാലം മുതലേ പറക്കാൻ കൊതിച്ചതാണിതിൽ. ലക്ഷ്യം ഒന്നുണ്ടെങ്കിൽ അത് ശാസ്ത്രത്തിന്റെരാജ്ഞിയാണ് ചെറിയ ചെറിയ സംഘങ്ങൾ ചേർന്ന് വലിയ പാഠങ്ങൾ നെയ്ത് തീർക്കുമ്പോൾ ഞാൻ ഗണിതത്തെ കൂടുതൽ കൂടുതൽ സ്നേഹിച്ചു. ജീവിതത്തിലെ പ്രശ്നങ്ങളെ കുറയ്ക്കാനും ചിരികളെ കൂട്ടാനും പഠിപ്പിച്ച ഗണിതത്തോടാണ് പ്രിയം. കാറ്റിലെ നേരിയ കുളിര് വകഞ്ഞുമാറ്റി ഞാൻ മുന്നോട്ടെടുത്തു .അവന് വിളിക്കാനുള്ള നമ്പറുകൾ ഒന്നും നിലവിലില്ല. അവൻ ഒന്ന് വന്നെങ്കിൽ... ഉള്ളിൽ ഒളുക്കാതെ നിഷ്കളങ്കമായി ചിരിച്ചു പറയുന്ന അമ്മയോട് യാത്ര പറഞ്ഞു കിനാവിലെ നീല വെളിച്ചത്തിലേക്കുന്നംവെച്ചുകൊണ്ട് .

ഫസ്ന.ടി
10.J

## ചില നിമിഷങ്ങൾ...


GHS MANKADA


SCERT KERALA
കാലിഡോസ്കോപ്പ്
ഗവേഷണാത്മക ശാസ്ത്രശില്പശാല
.എച്ച്.എസ്. മങ്കട, മലപ്പുറം ജില്ല
2019 ജനുവരി 26 ശനി




ഗവ.ഹൈസ്കൂൾ മങ്കട
ചരിത്ര സെമിനാർ
ചരിത്ര പ്രദർശനം
വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം
ഡോ.പി.ശിവദാസിന് സ്വാഗതം
2018 ആഗസ്റ്റ് 2 വ്യാഴം 10AM
സ്കൂൾ ഓഡിറ്റോറിയം

## കറുത്ത കാൽപ്പാടുകൾ

ഇന്നും വരാന്തകൾക്ക്

പഴയ ചലച്ചിത്രത്തിലെ

ബ്ലാക്ക് ആൻഡ് വൈറ്റ് നിറമാണ് .

അവയ്ക്കൊന്നും

തോളോട് തോൾചേർന്ന്

നടക്കാനായിരുന്നു ഇഷ്ടം.

ഇന്ന്
വരാന്തകളിൽ ഉയരുന്നു നിലവിളികൾ.

നിങ്ങളവനെ തനിച്ചാക്കിയപ്പോൾ

അവനുവേണ്ടി കോടതികൾ തുറന്നിരുന്നില്ല

നിങ്ങളവനെ ഇരുട്ടിൽ

കൊന്നൊടുക്കിയപ്പോൾ

അവിടെ മറ്റൊരു മഹാഭാരതം പുനർജനിച്ചിരുന്നു.

അവളെ പിച്ചി ചീന്തിയപ്പോൾ

ഒരു പൂജാരിയും അവൾക്കുവേണ്ടി

മണി അടിച്ചില്ല.

ഇരുളുകൾ വെമ്പുന്നുണ്ടായിരുന്നു

തൊണ്ടയിൽ കിടന്ന ഇളകിയ സത്യങ്ങളിലേക്ക്.

## കവിത

### കവചം

ഇന്നീ നടപ്പാതയിൽ നിങ്ങളില്ലാ

ത്തതുകൊണ്ടോ അമ്മേ....

അലസമായി വീഴുന്ന പൂക്കൾക്കും

ചുംബിക്കാനെത്തുന്ന

കാറ്റിനുമൊരുപിണക്കം.

നെറ്റിയിൽ ചുംബിച്ച

ആഴമില്ലാ കണ്ണുനീർ കടലുകൾ താണ്ടി

നിങ്ങളെന്റെ ജീവനെന്തേ  കവചമായി നിന്നൂ.?

കുത്തി കയറ്റിയ കത്തിയെ നോക്കാതെ,

പിടഞ്ഞു പോകുന്ന ജീവനെ

തിരികെ വിളിക്കാതെ ,

എൻ നാമമാത്രമെന്തേ മൊഴിഞ്ഞൂ

അവസാന ശ്വാസത്തിലും

എൻ നാമമെന്തേ  നിങ്ങൾ തിരഞ്ഞൂ..?

നാജിയ കെ ടി
**10 D**

## ഉപന്യാസം

### ഗാന്ധിയൻ ആശയം കുട്ടികളുടെ ജീവിതത്തിൽ


നന്മനിറഞ്ഞ മനസ്സിന് ഉടമയാണ് ഗാന്ധിജി. സത്യഗ്രഹ സമരസേനാനിയായ ഗാന്ധിയുടെ നല്ല മനസ്സ് കുഞ്ഞുമനസ്സുകൾ കണ്ടുപഠിക്കണം.നമ്മുടെ രാജ്യത്തിനു വേണ്ടി, നമ്മുടെ നാടിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്ത ഈ മനസ്സിനെയാണ് കുട്ടികൾ പിന്തുടരേണ്ടത്.

1869 ഒക്ടോബർ 2 ന് കരംചന്ദ് ഗാന്ധിയുടെയും പുത്തലി ഭായിയുടേയും മകനായി ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധി മോനിയ, മനു, ഗാന്ധി എന്നീ പേരുകളിൽ അറിയപ്പെടുന്നു. സത്യാഗ്രഹ സമരത്തിനിടയിൽ സ്വന്തം കുടുംബത്തെ പോലും മറന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഒരുപാട് പോരാടി എന്നതിൽ തർക്കമില്ല. മരിച്ചിട്ട് വർഷങ്ങളായെങ്കിലും ഇന്നും എല്ലാവരുടെയും മനസ്സിൽ നമ്മുടെ രാഷ്ട്രപിതാവിന്റെ മഹത്വം കുടികൊള്ളുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ക്രൂരമായ മർദ്ദനമുറകൾ ഏറ്റുവാങ്ങിയ ഗാന്ധിജിയുടെ വേറിട്ട സമരങ്ങളായിരുന്നു ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചത്. അങ്ങനെ 1947 ആഗസ്റ്റ് 15 ന് നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി. 1948 ജനുവരി 30 ന് നാഥുറാം വിനായക്ഗോഡ്സെ എന്ന മതഭ്രാന്തിന്റെ വെടിയേറ്റ് ഗാന്ധിജിയും മരണമടഞ്ഞു. ഹേറാം എന്നായിരുന്നു അവസാനനിമിഷം അദ്ദേഹത്തിന്റെ നാവിൻ തുമ്പിൽ നിന്നും ഉതിർന്നുവീണത്.

മരണാനന്തരം ഗാന്ധിജിയെ ഒരുനോക്കുകാണാൻ പതിനായിരങ്ങളാണ് എത്തിയത്. സമാധിസ്ഥലമായ രാജ്ഘട്ടിൽ ഇന്നും പതിനായിരങ്ങളാണ് എത്തുന്നത്. ഗാന്ധിജിയുടെ ഭാര്യയായ കസ്തൂർബാഗാന്ധി സ്വാതന്ത്ര്യസമരത്തിന് പൂർണപിന്തുണയേകിക്കൊണ്ട് ഇപ്പോഴും കൂടെ നിന്നു. മഹാത്മാവിനെ ജീവിതവും പ്രവർത്തിയും ഓരോ ഭാരതീയനും ആദരവോടെ സ്മരിക്കുന്നു.

ഹിമ.പി
6.B



## Poem

# THE CRY OF EARTH

When I standing still
I heard a sound
But that was danger
I remain to back
Iheard screaming of dark
The morning was blot-out
All my dreams
But I believe that was
Waterwhich was the
Shining thing gift of god to Adam.
Ibelieve the cheet was mine
When Ibreak the love of earth
I heard the cry
But I never minded
And how I'm stood still
I'm understand the
mad of earth
Which was crash my life
Oh,water
Still I think that was an
Answer written by rusty nib
Flood that was make
Asociety to happy
When the water
Vanished my life
My country was
Get-up to a light
I think it was the
problem that was
shake our heart
to the darkness
I ask
Flood that was a.....?
I d'nt know.



# നന്ദി..